പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *158 — 03/10/2016 -ൽ മറുപടിക്ക്

# സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ചില ജില്ലകളിൽ സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ് വേണ്ടത്ര വിജയിക്കാതിരുന്നത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) | പ്രതിരോധ കുത്തിവെയ്പ്പ് വേണ്ടത്ര വിജയിക്കാതിരിക്കാനുള്ള പ്രധാന കാരണം അതിനെപ്പറ്റിയുള്ള തെറ്റിദ്ധാരണകളും വിശ്വാസത്തിന് വിരുദ്ധമാണെന്ന പ്രചാരണങ്ങളുമാണ്. ഇവ മറികടക്കുന്നതിനുവേണ്ടി അതാതു ജില്ലകളിൽ കൂടുതൽ പ്രതിരോധകുത്തിവെയ്പ്പ് ക്യാമ്പുകൾ നടത്തുകയും അവിടെ ജനകീയ സമ്മേളനങ്ങൾ നടത്തി അന്ധവിശ്വാസത്തിനെതിരായി പ്രചരണ പ്രവർത്തനങ്ങളും ക്ലാസുകളും സംഘടിപ്പിക്കുകയും ചെയ്തു.<br>ബുധനാഴ്ചകളിൽ നടത്തിവരുന്ന സാർവ്വത്രികപ്രതിരോധ കുത്തിവെയ്പ്പ് കൂടുതൽ കാര്യക്ഷമമാക്കിയും ഇമ്മ്യൂണൈസേഷൻ സ്റ്റാറ്റസ് കുറവായ ജില്ലകളിൽ പ്രത്യേക ആക്ഷൻ പ്ലാൻ ഉണ്ടാക്കിയും മുഴുവൻ കുട്ടികളെയും സാർവ്വത്രികപ്രതിരോധ കുത്തിവെയ്പ്പുകൾക്കു വിധേയരാക്കാൻ ശ്രമിച്ചുവരുന്നു. കൂടാതെ ഡിഫ്ത്തീരിയ രോഗം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | രോഗഭീതിയില്ലാതെ ജീവിക്കാനായി പ്രതിരോധ മരുന്ന് ലഭിക്കാനുള്ള ഓരോ ശിശുവിന്റെയും അവകാശം നിയമപരമായി ഉറപ്പാക്കാനും അതിനു വിഘാതമുണ്ടാക്കുന്നവരെ ശിക്ഷിക്കാനും ആവശ്യമെങ്കിൽ നിയമ നിർമ്മാണമുൾപ്പെടെയുള്ള മാർഗ്ഗം സ്വീകരിക്കുമോ; | ബി) | ആരോഗ്യ വകുപ്പിന്റെയും ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റെയും സഹകരണത്തോടെ ഓരോ കുഞ്ഞിനും പ്രതിരോധമരുന്ന് കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുവാനായി ഓരോ കുഞ്ഞിന്റെയും സ്കൂൾ അഡ്മിഷൻ സമയത്ത് ഒരു ഹെൽത്ത് കാർഡ് ലഭ്യമാക്കാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | പ്രതിരോധ മരുന്നുകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനും അന്ധവിശ്വാസാധിഷ്ഠിതമായ തെറ്റിദ്ധാരണകളെ നീക്കാനും ഏതു തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | സി) | ആശാവർക്കർമാർ, അംഗൻവാടി അദ്ധ്യാപകർ എന്നിവരുടെ സഹായത്തോടെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാർ അതാതു വാർഡുകളിലെ ഭവനങ്ങൾ സന്ദർശം നടത്തുകയും പ്രതിരോധ കുത്തിവയ്പ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് മാതാപിതാക്കളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ബോധവൽക്കരണ ക്ലാസ്സുകൾ നടത്താൻ വേണ്ടി ആക്ഷൻ പ്ലാൻ തയ്യാറാക്കി ബോധവൽക്കരണ ക്ലാസ്സ് നടത്തി റിപ്പോർട്ട് ചെയ്യുന്നു. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി സ്കൂളുകളിലും അംഗൻവാടികളിലും ബോധവൽക്കരണ ക്ലാസ്സ് നടത്തുകയും കുത്തിവയ്പ്പ് എടുക്കാൻ വിട്ടുപോയ കുട്ടികളെ കണ്ടെത്തി കുത്തിവയ്പ്പ് എടുക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യദൗത്യവും സംയുക്തമായി വിവിധ വകുപ്പുകളേയും സർക്കാർ ഏജൻസികളെയും സാമൂഹ്യ സാംസ്കാരിക സംഘടനകളെയും മതസംഘടനകളേയും ഒരുമിപ്പിച്ച് പ്രദേശിക തലത്തിൽ വീട്ടുവീടാന്തരം വാക്സിനേഷൻ ബോധവൽക്കരണ പ്രവർത്തനവും ഗൃഹസന്ദർശനവും സംഘടിപ്പിച്ചു<br>ശിശുരോഗ വിദഗ്ധരുടെ ദേശീയ സംഘടനയായ ഐ.എ.പി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, കെ.ജി.എം.ഒ.എ, ശാസ്ത്ര സാഹിത്യ പരിഷത്ത്, സാംസ്കാരിക നായകൻമാർ, രാഷ്ട്രീയ നേതാക്കൾ, മതപുരോഹിതന്മാർ എന്നിവർ സജീവമായി ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തു ഇവരുടെ നേതൃത്വത്തിൽ കോർണർ മീറ്റിംഗുകളും, ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിച്ചു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ മലപ്പുറത്ത് സംഘടിപ്പിച്ച ബഹുജന കൺവെൻഷനിൽ കുത്തിവയ്പ്പിന് അനുകൂലമായി ഉയർന്ന ആഹ്വാനം സമൂഹത്തിൽ വലിയ ചലനം ഉണ്ടാക്കി.<br>ഇതോടൊപ്പം വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു പത്രപരസ്യങ്ങൾ, പത്രലേഖനങ്ങൾ, ടെലിവിഷൻ ചർച്ചകൾ, സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള പ്രചരണങ്ങൾ, റയിൽവേ സ്റ്റേഷൻ വഴി 4 മാസങ്ങളോളം നടത്തിയ അനൗൺസ്മെന്റ് എഫ്.എം.സ്റ്റേഷനിലൂടെയും മറ്റും നടത്തിയ റേഡിയോ പരിപാടികൾ, ബ്ലോക്ക് തലത്തിലുള്ള ഹാർഡിംഗുകൾ, വിശദീകരണനോട്ടീസുകൾ, പോസ്റ്ററുകൾ, ഇമ്മ്യൂണൈസേഷൻ കാർഡ്, നടൻ മോഹൻലാൽ അഭിനയിക്കുന്ന ഒരു പരസ്യചിത്രം, ഇമ്മ്യൂണൈസേഷൻ വാരാചരണം തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചു |

(signature)
സെക്ഷൻ ഓഫീസർ